LIBRARY ARCHIVES Kerala Legislative Assembly

## പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഈടാക്കുന്ന നികുതികൾ

129 (7965) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് സംസ്ഥാനത്ത് ഈടാക്കുന്ന നികുതികൾ ഏതൊക്കെയെന്ന് ഉൽപ്പന്നങ്ങളും ഇനങ്ങളും തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ ഉൽപ്പന്നങ്ങൾക്കും സംസ്ഥാനം ആകെ എത്ര ശതമാനം നികുതി ഈടാക്കുന്നു എന്നും മറ്റുസംസ്ഥാനങ്ങളിൽ ഈടാക്കാത്ത ഏതെങ്കിലും നികുതികൾ കേരളത്തിൽ ഈടാക്കുന്നുണ്ടോ എന്നും വെളിപ്പെടുത്തുമോ ;

(സി) ഏതെങ്കിലും പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള നികുതി ഇളവ് നൽകുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഏത് ഉൽപ്പന്നത്തിന് എത്ര ശതമാനം ഇളവാണ് നൽകുന്നതെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)

| ഉല്പന്നങ്ങൾ | സംസ്ഥാനം ഈടാക്കുന്ന നികുതികൾ ഇനം തിരിച്ച് |
|---|---|
| (1) | (2) |
| പെട്രോൾ | വിൽപ്പന നികുതി, സോഷ്യൽ സെക്യൂരിറ്റി സെസ്സ് |
| ഡീസൽ | വിൽപ്പന നികുതി, സോഷ്യൽ സെക്യൂരിറ്റി സെസ്സ് |
| ഏവിയേഷൻ ടർബൈൻ ഫ്യൂവൽ | വിൽപ്പന നികുതി, അധിക വിൽപ്പന നികുതി, സോഷ്യൽ സെക്യൂരിറ്റി സെസ്സ് |
| ഗാർഹിക ഉപയോഗത്തിനുള്ള പാചകവാതകം | മൂല്യ വർദ്ധിത നികുതി |
| ഗാർഹികേതര പാചകവാതകം | മൂല്യ വർദ്ധിത നികുതി |
| പി.ഡി.എസ്. മണ്ണെണ്ണ | മൂല്യ വർദ്ധിത നികുതി |
| മണ്ണെണ്ണ | മൂല്യ വർദ്ധിത നികുതി |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) |
|---|---|
| നാഫ്ത | മൂല്യ വർദ്ധിത നികുതി |
| ഫർണസ് ഓയിൽ | മൂല്യ വർദ്ധിത നികുതി |
| ലൂബ്രിക്കന്റുകൾ | മൂല്യ വർദ്ധിത നികുതി |

(ബി)

| ഉൽപ്പന്നം | വില്പന നികുതി | അധിക വിൽപന നികുതി | മൂല്യ വർദ്ധിത നികുതി | സോഷ്യൽ സെക്യൂരിറ്റി സെസ്സ് |
|---|---|---|---|---|
| പെട്രോൾ | 26.21% | - | - | 1% of the tax |
| ഡീസൽ | 19.80% | - | - | 1% of the tax |
| ഏവിയേഷൻ ടർബൈൻ ഫ്യൂവൽ | 25% | 15% of the tax | - | 1% of the tax |
| ഗാർഹിക ഉപയോഗത്തിനുള്ള പാചകവാതകം | - | - | 5% | - |
| ഗാർഹികേതര പാചകവാതകം | - | - | 14.5% | - |
| പി.ഡി.എസ്. മണ്ണെണ്ണ | - | - | 5% | - |
| മണ്ണെണ്ണ | - | - | 14.5% | - |
| നാഫ്ത | - | - | 5% | - |
| ഫർണസ് ഓയിൽ | - | - | 14.5% | - |
| ലൂബ്രിക്കന്റുകൾ | - | - | 14.5% | - |

സോഷ്യൽ സെക്യൂരിറ്റി സെസ്സ് ഈടാക്കുന്നുണ്ട്.

(സി) കേരള പൊതുവിൽപ്പന നികുതി നിയമപ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ. 319/2005-ഉം അനുബന്ധ ഭേദഗതികളും അനുസരിച്ച് താഴെ സൂചിപ്പിച്ചിരിക്കുന്ന നികുതി ഇളവുകൾ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, നാഷണൽ തെർമൽ പവർ കോർപ്പറേഷൻ, 25 കിലോവാട്ട് കപ്പാസിറ്റിയിൽ കൂടുതലുള്ളതും സംയുക്ത മേഖലയിലുള്ളതും ഊർജ്ജോൽപ്പാദനം നടത്തുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നീ വിഭാഗങ്ങൾക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം നടത്തുന്നതിനുമായി ഉപയോഗിക്കുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് 4 ശതമാനം നികുതി നിരക്കാണ് ബാധകമാകുന്നത്.

ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ, ലക്ഷദ്വീപ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ കോഴിക്കോട്, ലക്ഷദ്വീപ് ഹാർബർ വർക്സ്, ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന്റെ അംഗീകാരമുള്ള ഡീലർമാർ എന്നീ വിഭാഗങ്ങൾക്കും ലക്ഷദ്വീപിലെ ഉപയോഗത്തിനായി വിൽക്കുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് 4 ശതമാനം നിരക്ക് മാത്രമാണ് ബാധകം.

കേരളത്തിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന എയർ ഇന്ത്യയുടെയും ഇന്ത്യൻ എയർലൈൻസിന്റേയും ഇന്റർനാഷണൽ സർവ്വീസുകൾക്ക് നിറയ്ക്കുന്ന വിമാന ഇന്ധനത്തിനും വ്യവസ്ഥകൾക്ക് വിധേയമായി നികുതി ഒഴിവ് നൽകിയിട്ടുണ്ട്.

ഇന്ത്യയ്ക്ക് പുറത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും കൺവെൻഷൻ ഓൺ ഇന്റർനാഷണൽ സിവിൽ ഏവിയേഷനിൽ ഉൾപ്പെട്ടതോ, ഇന്ത്യാ രാജ്യവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതോ ആയ വിമാനങ്ങൾ, ഇന്ത്യയിലേക്കോ പുറത്തേയ്ക്കോ ഷെഡ്യൂൾഡോ അല്ലാത്തവയോ ആയ ഇന്റർനാഷണൽ സർവ്വീസ് നടത്തുന്നതിന് നിറയ്ക്കുന്ന വിമാന ഇന്ധനത്തിനും വ്യവസ്ഥകൾക്ക് വിധേയമായി നികുതി ഒഴിവ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനത്തിനുള്ള കപ്പലുകൾ അല്ലാതെ ഫോറിൻ ഗോയിംഗ് വെസ്സലുകളിൽ ഉപയോഗിക്കുന്ന ഹൈ ഫ്ലാഷ് ഹൈ സ്പീഡ് ഡീസലിന്റെ (ബങ്കർ ഫ്യൂവൽ) നികുതി നിരക്ക് വ്യവസ്ഥകൾക്ക് വിധേയമായി അര ശതമാനം മാത്രമാണ്.

കേരള വിനോദസഞ്ചാര വകുപ്പിന്റെ അനുമതിയോടുകൂടിയുള്ള ടൂറിസം പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന സീപ്ലെയിനുകളിൽ നിറയ്ക്കുന്ന ഏവിയേഷൻ ടർബൈൻ ഫ്യൂവലിന് 31-3-2017 വരെ നികുതി ഒഴിവ് നൽകിയിട്ടുണ്ട്.

രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി ട്രെയിനിംഗിനുവേണ്ടി ഉപയോഗിക്കുന്ന വിമാനങ്ങളിൽ നിറയ്ക്കുന്ന ഏവിയേഷൻ ഫ്യൂവലിന്റെ നികുതി നിരക്ക് 1-4-2013 മുതൽ 31-3-2016 വരെ 5 ശതമാനമായി കുറച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരള മൂല്യവർദ്ധിത നികുതി നിയമത്തിൻ കീഴിൽ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് നൽകിയിരുന്ന നികുതി ഇളവുകൾ താഴെ ചേർക്കുന്നു :

മത്സ്യബന്ധന നൗകകൾ അല്ലാത്ത ഫോറിൻ ഗോയിംഗ് വെസ്സലുകൾക്ക് വിൽക്കുന്ന ഇന്ധനത്തിനും ലൂബ്രിക്കന്റുകൾക്കും വ്യവസ്ഥകൾക്ക് വിധേയമായി അരശതമാനമാണ് നികുതി നിരക്ക്.

ചരക്ക് നീക്കത്തിനുപയോഗിക്കുന്ന കപ്പലുകളിൽ ഉപയോഗിക്കുന്ന ഫർണസ് ഓയിലിന്റെ നികുതി നിരക്ക് നിബന്ധനകൾക്ക് വിധേയമായി 5 ശതമാനമാക്കി ധനകാര്യ ബിൽ 2014 പ്രകാരം കുറച്ചിട്ടുണ്ട്.

## 2013-14-ൽ വാണിജ്യ നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക

130 (7966) ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. അജിത് :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കോടതി നടപടികൾ മൂലം പിരിച്ചെടുക്കാൻ കഴിയാതിരിക്കുന്ന വാണിജ്യ നികുതി കുടിശ്ശിക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഒരു കോടിയിലധികം കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(സി) വിദ്യുച്ഛക്തിയിന്മേലുള്ള നികുതിയും തീരുവകളുമായി കഴിഞ്ഞ സാമ്പത്തിക വർഷം പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്ന തുക എത്രയെന്നും എത്ര തുകയാണ് പിരിഞ്ഞുകിട്ടിയതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സ്റ്റേ നടപടികൾമൂലം പിരിച്ചെടുക്കാൻ കഴിയാതിരിക്കുന്ന നികുതി കുടിശ്ശിക 35047.53 ലക്ഷം രൂപയാണ്. സുപ്രീം കോടതിയിലെ കേസ്സുകളിൽ ഉൾപ്പെട്ട നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഒരു കോടിയിലധികം കുടിശ്ശിക വരുത്തിയ 52 സ്ഥാപനങ്ങളുടെ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ടി സ്ഥാപനങ്ങളുടെ പട്ടിക ഉള്ളടക്കം ചെയ്യുന്നു. *

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്